"പരി. മാർത്തോമാ ശ്ലീഹായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ "

പാമ്പാക്കുട ചെറിയപള്ളി പെരുന്നാൾ

2025 ഡിസംബർ

20 ശനി

21 ഞായർ

പെരുന്നാൾ ആശംസകളോടെ....

DENTAL SQUARE

MULANTHURUTHY
Ph: 8281600333

PEPPATHY
8078700333

ഇടയ ലേഖനം

കർത്താവിൽ പ്രിയ വിശ്വാസികളെ,

നമ്മുടെ കാവൽ പിതാവായ മാർതോമശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ 2025 ഡിസംബർ 20, 21 തീയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ നിശ്ചയിച്ചിരിക്കുകയാണ്. ഇടവകാംഗമായ താണികുന്നേൽ ടി.കെ ജോസഫ് മകൻ ഡോ.ജോസഫാണ് ഇത്തവണത്തെ പെരുന്നാൾ ഏറ്റു കഴിക്കുന്നത്.

മലങ്കര ഓർത്തഡോക്സ് സഭാ സ്വാതന്ത്ര്യ ചരിത്രത്തിലെ നിർണായക സ്ഥാനം വഹിക്കുന്ന ദേവാലയമാണ് നമ്മുടേത്. 1886 ൽ പാലപ്പിള്ളിൽ അബ്രാഹാം മൽപ്പാന്റെ നേതൃത്വത്തിൽ കൊച്ചു പാമ്പാക്കുട ദേശത്തെ വിശ്വാസികളുടെ സഹകരണത്തോടെയാണ് മാർതോമാശ്ലീഹായുടെ നാമത്തിൽ പള്ളി സ്ഥാപിച്ചത്. 1912ൽ സ്ഥാപിച്ച പ്രഥമ കാതോലിക്കേറ്റിന്റെ കാതോലിക്കയും കണ്ടനാട് ഭദ്രാസനത്തിലെ ആദ്യ മെത്രാപ്പോലീത്തായുമായ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവയെ അന്ത്യനാളുകളിൽ ശുശ്രൂഷിക്കാൻ ഭാഗ്യം ലഭിച്ചത് നമ്മുടെ ഇടവകയ്ക്കാണ്.

ആത്മീകവും ഭൗതീകവുമായ ഇടവകയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നത് ദൈവത്തിന്റെ അനുഗ്രഹങ്ങളും മാർ തോമാശ്ലീഹായുടെ പ്രാർത്ഥനയും കൊണ്ട് മാത്രമാണ്. എം. ടി.എം. സൺഡേ സ്കൂൾ നവീകരണം ദൈവാനുഗ്രഹത്താൽ പൂർത്തിയാക്കി 75-ാം വാർഷികം ആഘോഷിക്കുന്നതും ഇടവകയ്ക്ക് അഭിമാനമാണ്.

മാർതോമാശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചു നടത്തുന്ന പ്രധാനപെരുന്നാളും, കാക്കൂർ കുരിശിലേയ്ക്ക് 1962 മുതൽ തുടങ്ങിയ ദൈർഘ്യമേറിയ പ്രദക്ഷിണവും വിശ്വാസികൾക്കും നാടിനും അനുഗ്രഹവർഷം ചൊരിയുകയാണ്.

പെരുന്നാൾ ചടങ്ങുകൾക്ക് ബോംബെ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ കൂറിലോസ്, അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മലബാർ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ പക്കോമിയോസ്, ഇടുക്കി ഭദ്രാസനാധിപനും കണ്ടനാട് വെസ്റ്റ് ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായ അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനിമാർ നേതൃത്വം നല്കും. എല്ലാ വിശ്വാസികളും നേർച്ച കാഴ്ചകളോടെ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ കർത്തൃനാമത്തിൽ ക്ഷണിക്കുന്നു.

എന്ന്,

വികാരി,
ഫാ.അബ്രാഹം പാലപ്പിള്ളിൽ

പരി. ഒന്നാം കാതോലിക്കാ ബാവയുടെ കബറിടം

കാക്കൂർ സെന്റ് തോമസ് കുരിശ്

പാമ്പാക്കുട ചെറിയ പള്ളിയിലെ വെള്ളിക്കുരിശിനുമുണ്ട് ഒരു ചരിത്രം

സഭാ സ്വാതന്ത്ര്യത്തിന്റെ നിർണായക സന്ദർഭങ്ങൾക്ക് നെടുനായകത്വം വഹിച്ച പാമ്പാക്കുട ചെറിയ പള്ളിയിലെ വെള്ളിക്കുരിശ് ചരിത്രത്തിന്റെ തിരുശേഷിപ്പായി വിളങ്ങുകയാണ്.

അബ്ബൂള്ള പാത്രിയർക്കീസ് പാമ്പാക്കുട ചെറിയ പള്ളിയിൽ നടത്തിയ സന്ദർശനവും, കൈമുത്ത് പണത്തിനായി വെള്ളിക്കുരിശ് കൊണ്ടുപോയി പണയം വച്ചതും, വീണ്ടെടുത്തതുമെല്ലാം പുതുതലമുറ വായിക്കപ്പെടേണ്ടതാണ്.

ഇടവക സന്ദർശനത്തിനായി പാമ്പാക്കുട ചെറിയ പള്ളിയിൽ എത്തിയ അബ്ബൂള്ള പാത്രിയർക്കീസ് ബാവ തിരികെ പോകുമ്പോൾ ആഗ്രഹിച്ച കൈമുത്ത് പണം കിട്ടാതെ വന്നു. പകരമായി പള്ളിയിൽ ഉണ്ടായിരുന്ന വെള്ളിക്കുരിശ് എടുത്ത് വടകര പള്ളിയിൽ കൊണ്ട് പോയി പണയം വച്ച് കൈമുത്ത് പണം വാങ്ങി. ഇടവകാംഗമായ കൊടവനാപ്പാട്ട് താണി കുന്നേൽ കോര ചാക്കോ,വടകര പള്ളി നൽകിയ പണം പലിശ സഹിതം തിരികെ നൽകി കുരിശ് വീണ്ടെടുക്കാൻ ചെന്നു. കുരിശ് വിട്ടു നൽകാൻ അന്നത്തെ പള്ളി ഭരണ സമിതി തയ്യാറായില്ല. ഇതിനെതിരെ മുവാറ്റുപുഴ മുൻസിഫ് കോടതിയിൽ കോര ചാക്കോ ഹർജി നൽകി. കുരിശ് പാമ്പാക്കുട ചെറിയപള്ളിക്ക് നൽകാൻ കൊല്ലവർഷം 1087 കന്നി 17 ന് കോടതിയിൽ നിന്നും അനുകൂല വിധി ലഭിച്ചു. സ്വന്തം പണം മുടക്കിയാണ് കോര ചാക്കോ പാമ്പാക്കുട ചെറിയ പള്ളിയുടെ പുരാതന സ്വത്തായ വെള്ളിക്കുരിശ് വീണ്ടെടുത്ത് പള്ളിക്ക് സമർപ്പിച്ചത്. ഡിസംബർ 20, 21 തിയതികളിലെയും, മെയ് 2, 3 തിയതികളിലേയും പ്രദക്ഷിണത്തിന് ഈ കുരിശ് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്.

പാമ്പാക്കുട ചെറിയ പള്ളിയുടെ സ്ഥാപകൻ



റവ. ഫാ. അബ്രഹാം മൽപ്പാൻ പാലപ്പിള്ളിൽ (1835 – 1905)



44 വർഷക്കാലം വൈദീക ട്രസ്റ്റിയായിരുന്ന റവ. ഫാ. മാണി പൗലോസ് പാലപ്പിള്ളിൽ (1879 – 1955)



പാമ്പാക്കുട ചെറിയ പള്ളി പുതുക്കി പണിയുന്നതിന് നേതൃത്വം കൊടുത്ത റവ. ഫാ. അബ്രഹാം പൗലോസ് പാലപ്പിള്ളിൽ (1916 – 1980)

പാമ്പാക്കുട എം. ടി. എം. സൺഡേ സ്കൂൾ 75 ന്റെ നിറവിൽ

നമ്മുടെ ഇടവകയുടെ ആത്മീയ പഠനകേന്ദ്രമായ പാമ്പാക്കുട എം. ടി. എം. സൺഡേസ്കൂൾ സ്ഥാപിതമായിട്ട് 75 വർഷം പിന്നിടുകയാണ്. 1950 ലാണ് സൺഡേ സ്കൂൾ സ്ഥാപിതമായത്.ആദ്യഘട്ടം മുതൽ നീണ്ട അഞ്ച് പതിറ്റാണ്ടിലേറെ പാലപ്പിള്ളിൽ ശ്രീ പി.എം എബ്രഹാമാണ് ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചിരുന്നത്. നാളിതുവരെ പതിനായിരത്തിലേറെ കുരുന്നുകൾ ഇവിടെ പഠിച്ച് പുറത്തിറങ്ങിയിട്ടുണ്ട്.

നിലവിൽ 102 കുട്ടികളും 20 അധ്യാപകരും സൺഡേ സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. വികാരി റവ.ഫാ.അബ്രാഹം പാലപ്പിള്ളിൽ പ്രസിഡന്റും, എൽദോസ് ജോൺ ഹെഡ്മാസ്റ്ററും പ്രിൻസ് കോപ്രത്ത് സെക്രട്ടറിയും ഏലിയാസ് ജോയി ട്രഷററുമായ ഭരണ സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

വാർഷികാഘോഷങ്ങളുടെ ഭാഗമായി സൺഡേസ്കൂൾ നവീകരണം പൂർത്തിയായി വരുന്നു. ലോഗോ പ്രകാശനം, 75 വനിതകളുടെ മെഗാ മാർഗംകളി,മെഡിക്കൽ ക്യാമ്പ്, ബോധവത്കരണ ക്ലാസ്, അധ്യാപക ശാക്തീകരണ ക്ലാസുകൾ, വിപുലമായ വാർഷികാഘോഷം തുടങ്ങിയ വിവിധ പരിപാടികൾ സമാപനമായ മെയ് മാസം വരെയുള്ള തിയതികളിൽ നടത്താനാണ് ആഘോഷ കമ്മിറ്റി തീരുമാനം

നവീകരണം പൂർത്തിയായ സൺഡേ സ്കൂൾ കൂദാശ 2025 ഡിസംബർ14 ന് നടത്താൻ ദൈവനാമത്തിൽ പ്രത്യാശിക്കുന്നു. പെരുന്നാൾ ദിവസമായ ഡിസംബർ 20 ന് 75 വനിതകളുടെ മെഗാ മാർഗംകളിയും നടത്താനാണ് ആഗ്രഹിക്കുന്നത്. ഇടവക അംഗങ്ങളുടെയും നാട്ടുകാരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളുമാണ് ഈ ആത്മീയ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നത്.

വി. തോമാശ്ലീഹാ

ഭാരത സഭയുടെ വിശ്വാസദീപം



വെരി. റവ. പി. യു. കുര്യാക്കോസ്, കോറെപ്പിസ്ക്കോപ്പാ, പോത്താറയിൽ

ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമശ്ലീഹായുടെ മഹത്തായ ഓർമ്മ പെരുന്നാൾ നമ്മുടെ കുടുംബ ദിനമാണ്. കുടുംബദിനത്തിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. കുടുംബദിനമെന്ന് ഈ ദിവസത്തെ വിശേഷപ്പിക്കുന്നത് നിങ്ങളുടേയും എന്റെയും ജീവിതത്തിൽ വിശ്വാസ വെളിച്ചം പകർന്നു തന്ന നമ്മുടെ പിതാവായ മാർത്തോമാ ശ്ലീഹായെ നാമിന്ന് അനുസ്മരിക്കുന്നുതുകൊണ്ടാണ്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ഈ ദിനം വിശ്വാസ പ്രഘോഷണ ദിനമാണ്.

വിശ്വാസത്തിൽ നമ്മേ ജനിപ്പിച്ചവനും വിശുദ്ധരോടും ദൈവ ഭവനത്തിലെ അംഗങ്ങളോടും ഒപ്പം സഹപൗരന്മാരുമാക്കിയ വിശുദ്ധ തോമാശ്ലീഹായുടെ ഓർമ്മ നാം കൊണ്ടാടുന്നു. വി. തോമാശ്ലീഹാ ഉത്ഥിതനായ മശിഹായുടെ തിരുമുമ്പിൽ നിന്നും ഒഷിയെടുത്ത് പകർന്നു മശിഹാനുഭവം ഹൃദയത്തിൽ പേറുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മുടെ വിശ്വാസ പ്രഘോഷണത്തിന്റെ ദിനം. നമുക്ക് ലഭിച്ച മാർത്തോമ്മൻ പൈതൃകത്തിൽ ഊറ്റം കൊള്ളുമ്മാ ശ്ലീഹാ കണ്ട യേശുവിനെ തോമ്മാശ്ലീഹായോടൊപ്പം കാണാനുള്ള അവസരമാണിത്. സുവിശേഷങ്ങളിലെ തോമാശ്ലീഹായെ നാം എത്രയോ തവണ കണ്ടിരിക്കുന്നു. ശ്രവിച്ചിരിക്കുന്നു. നാലു സുവിശേഷങ്ങളിൽ യോഹന്നാൻ ശ്ലീഹായാണ് തോമാശ്ലീഹായെ നമുക്ക് പരിചയപ്പെടുത്തുന്നത്. വി. യോഹന്നാൻ 11:16-ൽ ഇപ്രകാരം നാം വായിക്കുന്നു. ദിദിമോസ് എന്ന തോമസ്സ് അപ്പോൾ മറ്റ് ശിഷ്യന്മാരോട് പറഞ്ഞു. അവനോടൊപ്പം മരിയ്ക്കാൻ നമുക്ക് പോകാം. സന്ദർഭവും സാഹചര്യവും നമുക്ക് പരിചിതമാണ്. ഇവിടെ തോമ്മാശ്ലീഹാ മരണം നേട്ടമായി കരുതി (ഫിലിപ്പ്യ 1:21) ജീവതം ക്രിസ്തുവും മരണം നേട്ടവുമായി കരുതിയ ശിഷ്യൻ. തോമ്മാശ്ലീഹാ മരണത്തിലൂടെ നമ്മേയെല്ലാം യേശുവിനായി നേടിയെടുത്തു. ഇന്ന് ആ പിതാവിന്റെ ഓർമ്മ നാം ആചരിയ്ക്കുമ്പോൾ നമുക്ക് നമ്മേതന്നെ ഒന്ന് പരിശോധിയ്ക്കാം. എവിടെയാണ് എന്റെ സ്ഥാനം ? യേശുവിനായി ഞാൻ എന്താണ് നേടിയെടുത്തിരിക്കുന്നത് ?

സുവിശേഷത്തിൽ മൂന്നിടത്തായി തോമാശ്ലീഹായെക്കുറിച്ച് പരാമർശിക്കുന്നു. ഈ പരാമർശങ്ങളിലൂടെ നാം കണ്ണോടിച്ചാൽ അതിലൂടെ വളർന്ന് ശോഭ പരത്തുന്ന തോമ്മാശ്ലീഹായെ നാം ദർശിക്കും മശിഹായുടെ യാത്രാമൊഴിയുടെ വേളയിലാണ് യോഹന്നാൻ 14:3ൽ ഞാൻ പോകുന്നു എങ്ങോട്ടെന്ന് നിങ്ങൾ അറിയുന്നു വഴിയും നിങ്ങൾക്ക് അജ്ഞാതമല്ല. എന്നൊക്കെ പറഞ്ഞ് യേശു ശിഷ്യന്മാരോട് യാത്ര ചോദിയ്ക്കുന്നു. പാറയ്ക്ക് സമനായ പത്രോസും തേൻപോലെ സ്നേഹം നൽകിയ യോഹന്നാനും ആരുമാരും ഒന്നും മിണ്ടുന്നില്ല. നഷ്ടബോധവും ഭയാശങ്കകളുമെല്ലാം അവരുടെ ഭാഗധേയം നിർണ്ണയിയ്ക്കപ്പെട്ടു കഴിഞ്ഞുവോ എന്ന് പോലും സംശയിക്കുന്നു. ഈ വേളയിലാണ് തോമ്മാശ്ലീഹാ ശിഷ്യ സമൂഹത്തിന്റെ ആകെ വക്താവായിക്കൊണ്ട് ചോദിയ്ക്കുന്നു. കർത്താവേ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾക്കറിഞ്ഞു കൂടാ. പിന്നെ വിഷ ഞങ്ങൾ എങ്ങിനെ അറിയും. യോഹ 14:5.

വഴിയും സത്യവും ജീവനുമായ യേശുവിനെ ലോകത്തിൽ വെളിപ്പെടുത്തിക്കൊടുത്ത ചോദ്യമാണിത്. വിജ്ഞാനികളിൽ നിന്നും മറച്ചു വച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിക്കൊടുത്ത പിതാവിന്റെ ജ്ഞാനം 11:25 അക്ഷരാഭ്യാസമില്ലാത്ത തോമാശ്ലീഹായ്ക്ക് ലഭിച്ചു. ജീവനിലേയ്ക്കുള്ള സത്യമായ വഴി ഞാനാകുന്നു എന്നരുളി ചെയ്ത വാക്കുകൾ : ഭാരതീയരുടെ ആത്മാംശം കലർന്ന മറുപടി ഇവിടെ ഋഷിമാരും ഇതുതന്നെ പ്രാർത്ഥിക്കുന്നു. അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്കും മരണത്തിൽ നിന്നും ജീവനിലേയ്ക്കും ഞങ്ങളെ നയിക്കേണമേ. ഇതിന്റെ ക്രിസ്തീയ ഭാഷ്യമാണ്. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു എന്നുള്ളത്. ഇതിനെ തന്റെ ഹൃദയത്തിൽ വഹിച്ച് ശ്ലീഹാ ഭാരത്തിലേയ്ക്ക് യാത്രയായി. ചുരുക്കത്തിൽ മാർ തോമാ മാർഗ്ഗമെന്നത് രക്ഷയുടെ മാർഗ്ഗമാണ്. ജീവനിലേയ്ക്കുള്ള സത്യ മാർഗ്ഗം അറിയുക, അറിഞ്ഞ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുക., മാർഗ്ഗമില്ലാത്തവർക്ക് മാർഗ്ഗദർശിയാവുക.

എന്റെ കർത്തവേ എന്റെ ദൈവമേ എന്ന് തോമാ ശ്ലീഹായെകൊണ്ട് പറയിപ്പിച്ചത് ആഴമേറിയ മുറിവുകൾ അഗാധതയിലേക്ക് പകർന്ന വിശ്വാസം; ഭയം നിറഞ്ഞപ്പോൾ അധരം വിതുമ്പി, അക്ഷരം ചുരുങ്ങി അഹം മറന്ന്, അറിവുമറന്ന് ആയിരിക്കുന്നവനിലേക്ക് തോമാ ശ്ലീഹാ കടന്നു ചെന്നു. മുറിവേറ്റ തന്റെ മുറിപ്പാടു കണ്ടവൻ ഭാഗ്യവാനായി. ഇരുട്ടിന്റെ കാഠിന്യമേറുമ്പോൾ പ്രകാശത്തിന്റെ പ്രസക്തിയും പ്രസരണവും വർദ്ധിക്കുന്നതു പോലെ പീഢനങ്ങളിലും പ്രതിസന്ധികളിലും സഭ വളരുകയാണ്.

മാർ അപ്രേമിന്റെ വാക്കുകളിൽ:

പന്ത്രണ്ടു പേരിൽ ഒരുവനായ വലിയ ദീപമോ!
കുരിശിൽ നിന്നുള്ള തൈലത്താൽ നിറഞ്ഞവനായി
ഇന്ത്യയുടെ ഇരുട്ടുനിറഞ്ഞ നിസയെ ദീപംകൊണ്ടു നീ നിറയ്ക്കുന്നു.
സുര്യ രശ്മിപോലെ വലിയഗോളത്തിൽ നിന്നും
പുറപ്പെട്ടുവന്നവനേ നീ ഭാഗ്യവാൻ
നിന്റെ അനുഗ്രഹമാകുന്ന പ്രഭാതം
ഇന്ത്യയുടെ അന്ധകാരത്തെ അകറ്റുന്നു.

വി. തോമാശ്ലീഹാ ഭാരതത്തിൽ തുടങ്ങിവച്ച പ്രേഷിത ജോലി തുടർന്നുകൊണ്ടു പോകേണ്ടത് ഭാരതക്രിസ്ത്യാനികളായ നമ്മുടെ കടമയാണ്. 12 അപ്പോസ്തോലന്മാരിൽ ഒരാളായ വി. തോമസ്സ് അപ്പോസ്തോലന്റെ പ്രേഷിത പ്രവർത്തനത്താൽ ക്രിസ്തു മാർഗ്ഗത്തിലേക്ക് നയിക്കപ്പെട്ട ഭാഗ്യവാന്മാരുടെ സന്തതികളായ നമുക്കും അപ്പോസ്തോലനേപ്പോലെ ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി ജീവിച്ചുകൊണ്ട് നിത്യ സൗഭാഗ്യത്തിൽ എത്തിച്ചേരാം. ആയിതിന് വി. തോമസ്സ് ശ്ലീഹായുടെ മദ്ധ്യസ്ഥത നമ്മേ സഹായിക്കട്ടെ ഏവർക്കും വി. തോമ്മാശ്ലീഹായുടെ പെരുന്നാൾ ആശംസകൾ നേരുന്നു.

വി. തോമാശ്ലീഹാ



റവ. ഫാ.
ജോൺ വി. ജോൺ

ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കര സഭയുടെ സ്ഥാപകനുമായ മാർത്തോമാ ശ്ലീഹാ രക്ത സാക്ഷിത്വം വരിച്ചതിന്റെ ഓർമ്മകൾ അനുസ്മരിക്കുന്ന ദിവസങ്ങളാണല്ലോ ഡിസംബർ മാസം 18 മുതൽ 21 വരെയുള്ള ദിനങ്ങൾ. മലങ്കര സഭയുടെ കാവൽ പിതാവും അപ്പോസ്തോലനും സഹദായുമായ പരി. മാർതോമ്മാ ശ്ലീഹായെ നാം അനുസ്മരിക്കുന്നു. കർത്താവിന്റെ സുവിശേഷം മലങ്കര മക്കൾക്ക് പകർന്നു തന്ന പരിശുദ്ധ ശ്ലീഹായുടെ ഓർമ്മ യഥോചിതം ആചരിക്കുവാൻ നമ്മുടെ ദേവാലയത്തിനു ഭാഗ്യവും ദൈവകൃപയും ലഭിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ പരി. മാർതോമാ ശ്ലീഹായെക്കുറിച്ച് ഏതാനും ചിന്തകൾ പങ്കുവെയ്ക്കുന്നു.

വേദ പുസ്തകത്തിൽ കാണുന്ന മാർതോമാശ്ലീഹാ സുവിശേഷങ്ങളിൽ വളരെ കുറച്ചു പരാമർശങ്ങളെ ഉള്ളു എങ്കിലും വളരെ നിർണ്ണായകമായ പ്രതിപാദനങ്ങളാണ് പരി. ശ്ലീഹായെക്കുറിച്ച് ഉള്ളത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിലാണ് കൂടുതലായി ഇദ്ദേഹത്തെകുറിച്ച് പ്രതിപാദിക്കുന്നത്. തോമസ് എന്ന പേരിന് ഇരട്ട എന്ന് അർത്ഥം വരുന്ന ദിദിമോസ് എന്നാണ് വേദപുസ്തകം അദ്ദേഹത്തെ രേഖപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ വിരലുകളിൽ ഒന്ന് ഇരട്ട ആയിരുന്നു എന്നും ഉത്ഥിതനായ കർത്താവിന്റെ വിരൽപുറത്ത് തൊട്ടപ്പോൾ അവ വേർപ്പെട്ടു എന്നും ഐതിഹ്യം പറയുന്നു.

അപകടം പതിയിരിക്കുന്ന യെറുശലേമിലേക്ക് പോകുവാൻ തന്റെ ഗുരു യേശു ദൃഢനിശ്ചയം ചെയ്തപ്പോൾ ക്രാന്ത ദർശിയായ തോമസ് തന്റെ ഗുരുനാഥന് നേരിടാവുന്ന ദുരന്തത്തെ മുന്നിൽ കണ്ട് പറഞ്ഞു. അവനോടു കൂടി മരിക്കേണ്ടതിന് നാമും പോക (യോഹ : 11:16) സാഹചര്യങ്ങളെ മനസ്സിലാക്കുവാനും, വിലയിരുത്തുവാനുമുള്ള കഴിവ് ആത്മാർത്ഥമായ ഗുരുഭക്തി, വിപധി ധൈര്യം, ഇവയെല്ലാം ഈ വാക്കുകളിൽ സ്പഷ്ടമാണ്. മറ്റൊരവസരത്തിൽ യേശു, താൻ പിതാവിന്റെ അടുക്കലേക്ക് പോകുകയാണ് എന്ന പറഞ്ഞപ്പോൾ തോമസ് ഗുരു വിനോട് ചോദിച്ചു കർത്താവെ അവിടുന്ന് എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും ? ഞാൻ തന്നെ വഴിയും സത്യവും, ജീവനുമാകുന്നു. യോഹ 14:5 വീണ്ടും, ഉത്ഥാനം ചെയ്ത ക്രിസ്തു തന്റെ പുനരുത്ഥാനത്തിന്റെ എട്ടാം നാൾ തോമാ ശ്ലീഹക്ക് പ്രത്യക്ഷ്യനായി തന്റെ വിലാപ്പുറത്ത് കൈ വച്ച് നോക്കുവാൻ അവനോട് ആവശ്യപ്പെട്ടു. കൈ വച്ച ശ്ലീഹ ഏറ്റു പറഞ്ഞതാണ് സഭയുടെ വിശ്വാസ പ്രഖ്യാപനമായി കരുതുന്ന വാക്കുകൾ എന്റെ കർത്താവും എന്റെ ദൈവമേ (യോഹ 20:28) കർത്താവിന്റെ ദൈവത്വവും മഹത്വവും വ്യക്തിത്വവും അംഗീകരിച്ചുനടത്തിയ ഏറ്റവും ദൃഢവും പ്രൗഢവുമായ ഏറ്റുപറച്ചിലായിരുന്നു അത്. മേൽ പ്രസ്താവിച്ച മൂന്ന് സന്ദർഭങ്ങൾ വഴി തോമസ് അപ്പോസ്തോലന്റെ വ്യക്തിത്വത്തെ നമുക്ക് അടുത്തറിയാൻ കഴിയും. ചരിത്രത്തിലെ തോമാശ്ലീഹ സഭാ ചരിത്രകാരനായ യൂസേബിയോസിന്റെ രചനകളും എ. ഡി. രണ്ടാം നൂറ്റാണ്ടിൽ എഡേസ്സാ (തോമാശ്ലീഹാ ജന്മദേശം) യിൽ ജിവിച്ചിരുന്ന ചരിത്രപണ്ഡിതനെഴുതിയ തോമായുടെ നടപടികൾ എന്ന ഗ്രന്ഥത്തിലും അപ്പോസ്തോലന്റെ പ്രേക്ഷിത പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. പാലസ്തീന, മെസോപ്പോട്ടോമിയ, പേർഷ്യ തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷ വേല ചെയ്ത തോമാശ്ലീഹാ എ. ഡി. 52 ന് ഭാരതത്തിൽ എത്തി. അദ്ദേഹത്തെ സുവിശേഷ വേലയുടെ ഫലമാണ് ഭാരത ത്തിലെ പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവർ എന്ന് നമുക്ക് അഭിമാനത്തോടെ ഓർക്കാവുന്ന സത്യമാണ്. മാർത്തോമ ക്രിസ്ത്യാനികൾ എന്ന നാമം തന്നെ അതിന് തെളിവാണ്. റംബാൻ പാട്ട് മാർഗ്ഗംകളി പാട്ട്, എന്നീ പൗരാണിക നാടൻ കലാ രൂപങ്ങളിൽ ആ കാര്യങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നത്. തോമ ശ്ലീഹയുടെ പ്രേഷിത പ്രവർത്തനം വഴി കൊടുങ്ങല്ലൂർ, നിരണം, നിലക്കൽ (പായൽ) കൊക്കമംഗലം, കോട്ടക്കാവ് (പറവൂർ), പാലയൂർ, കൊല്ലം, എന്നിവടങ്ങളിൽ പള്ളികൾ, അഥവാ സഭകൾ സ്ഥാപിക്കപ്പെട്ടതായി സഭാ ചരിത്ര പണ്ഡിതന്മാർ രേഖപ്പെടുത്തുന്നു. ഈ സഭയുടെ സുസ്ഥിരമായ നിലനിൽപ്പിനു വേണ്ടി ഭരണക്രമങ്ങൾ ഏർപ്പെടുത്തി. നേതൃത്വം നൽകുവാൻ പൗരോഹിത്യ ഗണത്തേയും നിലനിൽപ്പിനും കെട്ടുറപ്പിനും ആയി പൗരസ്ത്യ ആരാധന സംവിധാനങ്ങളും ഏർപ്പെടുത്തി. പിന്നീട് ശ്ലീഹ പോഴ മണ്ഡലത്തിലേക്ക് സുവിശേഷ പ്രചാരണാർത്ഥം യാത്ര ചെയ്തു. മൈലാപ്പൂർ കേന്ദ്രീകരിച്ച് സുവിശേഷ വേല ചെയ്തുവരവെ തദ്ദേശീയരായ ആളുകൾ എതിർപ്പ് പ്രകടിപ്പിച്ചു. മലങ്കരയിലെ പോലെ ഒരു സ്വീകാര്യത തമിഴകത്തെ ഉന്നതജാതീയരിൽ നിന്ന് ലഭിച്ചില്ല. പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശ്ലീഹായെ ഉന്നതജാതീയൻ കുന്തം കൊണ്ട് കുത്തി. എ. ഡി. 72 ഡിസംബർ 18 എന്ന് അത് കണക്കാക്കപ്പെടുന്നു. 21-ാം തീയതി ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു. അവിടെ അദ്ദേഹത്തെ അടക്കം ചെയ്തു. ഭൗതിക ശേഷിപ്പ് സ്വന്തം നാടായ എംസ സ്സായിലേക്ക് കൊണ്ടു പോയി. അതാണ് ജൂലൈ മൂന്ന് ദുഃഖറോനോ ആയി കൊണ്ടാടുന്നത്.

പോർച്ചുഗീസ്കാർ കേരളത്തിൽ വ്യാപാരം നടത്തി. താമസിയാതെ മലങ്കരസഭയിൽ അവരുടെ സഭാ വിശ്വാസം നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുവാനുള്ള ശ്രമങ്ങളാരംഭിച്ചു അതുവരെ തോമാശ്ലീഹയുടെ ഓർമ്മ മലങ്കരയിൽ 4 തവണ ആചരിച്ചിരുന്നു. ഒന്ന് പുതുഞായാറാഴ്ച രണ്ട് ജൂലൈ 3 മൂന്ന് മലങ്കരയിൽ ശ്ലീഹ കാലുകുത്തിയ നവംബർ 21, നാല് രക്തസാക്ഷി ദിനമായ ഡിസംബർ 21. എന്നീ ദിവസങ്ങളിൽ മലങ്കരയിൽ എല്ലാം ദേവാലയങ്ങളിലും ഭാരതസഭയുടെ അപ്പസ്തോലനായ മാർതോമാ ശ്ലീഹായുടെ ഓർമ്മ വളരെ വിപുലമായി ആചരിച്ചു വന്നിരുന്നു. എന്നാൽ റോമൻ കത്തോലിക്ക അധിനിവേശത്തിൽ അവരുടെ സ്വാധീനത്തിൽ മാർതോമാ ശ്ലീഹായെ വിസ്മരിക്കുവാനോ ശ്ലീഹായുടെ പ്രാധാന്യം കുറച്ചുകാണുവാനോ മലങ്കര സഭ മക്കൾ നിർബന്ധിതരായി.

ക്രിസ്തുവിന് പന്ത്രണ്ട് ശ്ലീഹന്മാരും അവർക്ക് 12 സിംഹാസനങ്ങളും പന്ത്രണ്ട് ആചാരങ്ങളും പന്ത്രണ്ട് പാരമ്പര്യങ്ങളും ഉണ്ടെന്ന് നിസ്സംശയം പറയുവാൻ മാർത്തോമാ ക്രിസ്ത്യാനികളായ നമുക്ക് ഇതുവരെ സാധിച്ചു. നാം അങ്ങനെ അവർക്കിടയിൽ ജീവിച്ചു. മാർതോമാ ശ്ലീഹയുടെ അപ്പോസ്തോലിക ത്വത്തിലും അദ്ദേഹം കാട്ടി തന്ന സത്യമാർഗ്ഗത്തിലും ജീവിക്കുകയും ചരിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്ത മലങ്കര സഭാ മക്കളുണ്ടായിരുന്നു. ഇന്നുമുണ്ട് എന്നുള്ളത് ഇന്നും ജീവിക്കുന്ന ക്രൈസ്തവ സമൂഹത്തിന്റെ നേർ കാഴ്ചയാണ്. മാർത്തോമൻ പാരമ്പര്യവും മാർത്തോമൻ പൈതൃകങ്ങളും മലങ്കര സഭാ മക്കൾക്ക് മറ്റെന്തിനെക്കാളും വിലമതിക്കത്തക്കതാണ്. നൂറ്റാണ്ടുകളിലൂടെ തങ്ങൾ നേടിയെടുത്ത സംസ്കാരങ്ങളും സംസ്കൃതികളും ജീവിത ശൈലികളും എല്ലാം മാർതോമാ ശ്ലീഹായോട് ചേർത്ത് വെച്ച് മാത്രമേ മലങ്കര സഭ മക്കൾക്ക് ചിന്തിക്കുവാനും ഗ്രഹിക്കുവാനും സാധിക്കുകയുള്ളു. മാർതോമാ ശ്ലീഹയുടെ ഓർമ്മപ്പെരുന്നാളിൽ നാം സംബന്ധിക്കുമ്പോൾ സഭാ പിതാവായ മാർ അപ്രേമിന്റെ വാക്കുകൾ എന്നും നമ്മെ ഓർമ്മപ്പെടുത്തട്ടെ സ്രോഷേ മാലാഖ മാർക്ക് ദൈവത്തെ തൊടുക സാദ്ധ്യമല്ല. കൊടിലുകൊണ്ട് അവർ തീക്കനിലെ തൊട്ടു. മാർത്തോമ്മാ ശ്ലീഹാ മാംസബന്ധമായ കൈകൊണ്ട് ഭയമന്യേ ആ അഗ്നി ജ്വാലയെ തൊട്ടു. അവന്റെ സ്പർശനം, ഉത്ഥാനം ചെയ്ത കർത്താവ് യഥാർത്ഥമായി ഉത്ഥാനം ചെയ്തു എന്ന് കാട്ടുവാനാണ് മാർതോമാ ശ്ലീഹായുടെ പ്രാർത്ഥന നമുക്ക് കോട്ടായായിരിക്കട്ടെ..

പാമ്പാക്കുട ചെറിയപള്ളി പെരുന്നാൾ

2025 ഡിസംബർ 20 ശനി 21 ഞായർ

കാര്യപരിപാടികൾ

2025 ഡിസംബർ 14 ഞായർ

രാവിലെ 7.00 ന് – പ്രഭാത പ്രാർത്ഥന
8.00 ന് – **വി. കുർബ്ബാന**
അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത
9.30 ന് – **പെരുന്നാൾ കൊടിയേറ്റ്** (പള്ളിയിൽ)
11.00 ന് – **എം. റ്റി. എം. സൺഡേ സ്കൂൾ പ്ലാറ്റിനം ജൂബിലി ഹാൾ കൂദാശ**

2025 ഡിസംബർ 20 ശനി

രാവിലെ 7.00 ന് – പ്രഭാത പ്രാർത്ഥന
7.30 ന് – **വി. കുർബ്ബാന**
റവ. ഫാ. വിഹിൻ സാബു പാടത്ത്
10.00 ന് – കൊടിയേറ്റ് (കാക്കൂർ കുരിശ്, മാർ ഗ്രീഗോറിയോസ് ചാപ്പൽ)
വൈകിട്ട് 3.30ന് – വാദ്യമേളങ്ങൾ
4.30ന് – **75 വനിതകളുടെ മെഗാ മാർഗ്ഗംകളി**
6.30 ന് – സന്ധ്യാ പ്രാർത്ഥന
അഭി. തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിൽ
7.15 ന് – ഭക്തി നിർഭരമായ **പ്രദക്ഷിണം**, (കാക്കൂർ കുരിശിങ്കലേക്ക്)
8.00 ന് – **ധൂപ പ്രാർത്ഥന, കൈമുത്ത്, നേർച്ച**
8.15 ന് – പ്രസംഗം – **റവ. ഫാ. കുര്യാക്കോസ് അലക്സ്**
9.00 ന് – ലേലം
9.30 ന് – **പ്രദക്ഷിണം** (പള്ളിയിലേക്ക്)
10.00 ന് – **ആശീർവാദം, നേർച്ച**
10.30 ന്– **ചെണ്ട – ബാന്റ് ഫ്യൂഷൻ**

2025 ഡിസംബർ 21 ഞായർ

രാവിലെ 7.30 ന് – പ്രഭാത പ്രാർത്ഥന
8.30 ന് – **വി. മൂന്നിന്മേൽ കുർബ്ബാന**
അഭി. ഗീവർഗീസ് മാർ കുറിലോസ് തിരുമേനി
ബോംബെ ഭദ്രാസന മെത്രാപ്പോലീത്ത
അഭി. ഗീവർഗീസ് മാർ പക്കോമിയോസ് തിരുമേനി
മലബാർ ഭദ്രാസന മെത്രാപ്പോലീത്ത
അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനി
ഇടുക്കി ഭദ്രാസനം, കണ്ടനാട് വെസ്റ്റ് സഹായ മെത്രാപ്പോലീത്ത
എന്നിവരുടെ പ്രധാന കാർമ്മികത്വത്തിൽ
10.30 ന് – പ്രദക്ഷിണം (മാർ ഗ്രീഗോറിയോസ് ചാപ്പലിലേയ്ക്ക്)
ഉച്ചയ്ക്ക് 12.00 ന് – **ആശീർവാദം, നേർച്ച സദ്യ**
– ഫ്യൂഷൻ

LIVE BROAD CASTING

IRIS MEDIA

- കത്തിച്ച മെഴുകുതിരിയോടുകൂടി പ്രദക്ഷിണത്തിൽ പങ്കെടുക്കണം.
- വോളന്റിയേഴ്സിന്റെ നിർദ്ദേശങ്ങൾ പാലിക്കണം.
- ഏറ്റവും നല്ല ദീപാലങ്കാരത്തിന് യുവജന പ്രസ്ഥാനം സമ്മാനം നൽകുന്നതാണ്.

https://www.facebook.com/StThomasOrthodoxSyrianChurchPampakuda

ഡോ. ജോസഫ് കെ. താണികുന്നേൽ (പള്ളിയിൽ)

ഈ വർഷത്തെ പെരുന്നാൾ നിർവ്വാഹകർ

ബേബി മാവളത്തുകുഴിയിൽ (കാക്കൂർ കുരിശിങ്കൽ)

Choir — ROY PUTHUR & TEAM
Heavenly Voice
Kottarakkara

Light & Sound — PVM LIGHT & SOUND
Mammalassery